# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2214 | 09.03.2018-ൽ മറുപടിയ്ക്ക്

### സാമൂഹ്യ പഠന മുറി പദ്ധതി

**ചോദ്യം**
ശ്രീ.പി. ഉണ്ണി
ശ്രീ.യു. ആർ. പ്രദീപ്
ശ്രീ.പി.ടി.എ. റഹീം
ശ്രീ.പി.വി. അൻവർ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ
മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ വാസകേന്ദ്രങ്ങളിൽ വിദ്യാഭ്യാസത്തിന് അനുയോജ്യമായ സാഹചര്യം ഒരുക്കുന്നതിനായി സാമൂഹ്യ പഠന മുറി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | എന്തെല്ലാം പഠന സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം സജ്ജമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) | ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റു സമാന ഇടങ്ങളും കണ്ടെത്തിയിട്ടുണ്ട്. കോളനികളിലെ അഭ്യസ്ത വിദ്യരായ യുവതീ യുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ടി കേന്ദ്രങ്ങളിൽ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ്(2 എണ്ണം), വൈറ്റ് ബോർഡ് (1) എൽ.ഇ.ഡി മോണിറ്റർ (1), എൽ.ഇ.ഡി ഡിസ്പ്ളേ |

| | | | |
|---|---|---|---|
| | | | (1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോട്ടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. |
| സി) | 2017-18 കാലയളവിൽ ഇപ്രകാരമുള്ള എത്ര പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്; കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുംവിധം പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | സി) | സാമൂഹ്യ പഠന മുറി സ്ഥാപിക്കുന്നതിനായി 100 കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ 42 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ടി പദ്ധതി കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനമാകുംവിധം പുതിയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ